INDIAN SCHOOL SOHAR
PERIODIC TEST III (2023-24)
MALAYALAM

No. of Printed Pages – 5
SET -1

**CLASS : X** | **MAX. MARKS: 80**
**DATE : 29/11/2023** | **TIME: 3 HOURS**

---

**GENERAL INSTRUCTIONS**

* Separate instructions are given for each section wherever necessary.
* This question paper is divided into two sections:

**SECTION A :** Reading Comprehension (V.S.A.Q)
Vocabulary Building & Prose & Poetry (M.C.Q) : 40 Marks

**SECTION B :** Grammar, Composition
Literature (Prose, Poetry & Supplementary) : 40 Marks

---

**വിഭാഗം എ**

**1. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെകൊടുത്തിരിക്കുന്ന എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**
(1 x 8 Marks)

സംസ്കൃതനാടകങ്ങളും കേരളത്തിലെ പ്രാചീനമായ അഭിനയരീതികളും സമ്മേളിച്ച ഒരു ദൃശ്യകലയാണ് കൂടിയാട്ടം. നായകനും നായികയും കൂടി രംഗപ്രവേശനം ചെയ്യുന്നതുകൊണ്ടോ നായകനും വിദൂഷകനും കൂടിചേരുന്നതുകൊണ്ടോആയിരിക്കാം ഇതിന് കൂടിയാട്ടം എന്ന പേരുണ്ടായതെന്ന് കരുതുന്നു. ഏതായാലും ചാക്യാർ ഏകാഭിനയമായി അരങ്ങത്ത് വന്ന് ആടുന്ന രൂപത്തിൽ നിന്ന് ഒന്നിൽകൂടുതൽ നടന്മാർ കൂടിയാടുന്ന രംഗാവിഷ്കാരം എന്നനിലയ്ക്ക് വളർച്ചപ്രാപിച്ചപ്പോഴാകണം ഈ പേര് നിലവിൽവന്നത്. കേരളത്തിൽ കൂടിയാട്ടം ക്ഷേത്രപരിസരങ്ങളിൽവച്ചുമാത്രം അവതരിപ്പിക്കാനേ അനുവാദമുണ്ടായിരുന്നുള്ളു. മിഴാവ് കൊട്ടുന്നത് നമ്പ്യാരാണ്. കഥ ഗദ്യത്തിൽ പറയുന്നതും നമ്പ്യാരാണ്. രംഗത്ത് പാട്ടുപാടി താളംപിടിയ്ക്കുന്നതും അപ്രധാന കഥാപാത്രങ്ങളുടെ സംഭാഷണവരികൾ ചൊല്ലുന്നതും നങ്ങ്യാരമ്മമാരാണ്. ഗുരു, നാട്യാചാര്യ, വിദൂഷകരത്നം പത്മശ്രീ എന്നീ ബഹുമതികൾക്ക് അർഹനായ മാണി മാധവചാക്യാരാണ് ചാക്യാർകൂത്തിനെയും കൂടിയാട്ടത്തെയും സാധാരണക്കാരുടെ അടുത്തേക്ക്കൊണ്ടുവന്നത്.

**ചോദ്യങ്ങൾ**

1. കൂടിയാട്ടം ഏതുവിഭാഗത്തിൽപ്പെടുന്നു ?
2. കൂടിയാട്ടത്തിൽ ഇല്ലാത്തവേഷം ഏത് ?
3. കൂടിയാട്ടം എന്നുപേരുവരാനുള്ള കാരണം ?
4. ഏകാഭിനയമായി രംഗത്ത് അവതരിപ്പിക്കുന്ന കലാരൂപം ഏത് ?
5. ഗദ്യഭാഗത്തുതന്നിരിക്കുന്നതിൽ ക്ഷേത്രപരിസരത്തുമാത്രം അവതരിപ്പിച്ചിരുന്ന കലാരൂപം ഏത് ?
6. നമ്പ്യാർകൊട്ടുന്ന വാദ്യത്തിന്റെ പേര് ?
7. കൂടിയാട്ടത്തിൽ കഥ ഗദ്യത്തിൽഅവതരിപ്പിച്ചിരിക്കുന്നത് ആര് ?
8. കൂത്തിനെയും കൂടിയാട്ടത്തെയും സാധാരണക്കാരുടെ ഇടയിലേക്ക് കൊണ്ടുവന്നതാര് ?

**2. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെകൊടുത്തിരിക്കുന്ന ഏഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**
(1 x 7 Marks)

കേരളസംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇതുദ്രാവിഢഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാപദവിലഭിക്കുന്ന അഞ്ചാ

മത്തെ ഭാഷയാണ് മലയാളം. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ 22 ഔദ്യോഗികഭാഷകളിൽ ഒന്നാണ് മലയാളം. മലയാളഭാഷ കൈരളി മലനാടുഭാഷ എന്നും അറിയപ്പെടുന്നു. കേരളസംസ്ഥാനത്തിലെ ഭരണഭാഷയും മലയാളമാണ്. തനതായ വ്യക്തിത്വം ഉള്ളതിനാലാണ് ദേശീയഭാഷയായി മലയാളം ഉൾപ്പെടുത്തിയത്. പഴയതമിഴിനും മുൻപത്തെ മൂലദ്രാവിഡം ആകാം മലയാളത്തിന്റെ ആദ്യരൂപം എന്ന് കരുതുന്നു. കേരളത്തിനും ലക്ഷദ്വീപിനും പുറമെതമിഴ്നാട്ടിലെ കന്യാകുമാരി, നീലഗിരി ജില്ലകളിലും കർണ്ണാടകയുടെ കൊടക്ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു.

**<u>ചോദ്യങ്ങൾ</u>**

1) ഏതെല്ലാം സ്ഥലങ്ങളിലാണ് മലയാളം ഉപയോഗിക്കുന്നത് ?
2) മലയാളത്തിന് ശ്രേഷ്ഠഭാഷാപദവിയിൽ ഇന്ത്യയിൽഎത്രാമത്തെ സ്ഥാനമാണ് ലഭിച്ചത് ?
3) മലയാളം ഏത് ഭാഷാകുടുംബത്തിൽ ഉൾപ്പെടുന്നു ?
4) ഇന്ത്യയിലെ ഔദ്യോഗികഭാഷകൾ എത്ര ?
5) ദേശീയഭാഷയായി മലയാളം ഉൾപ്പെടുത്തിയതിന്റെ കാരണം ?
6) കേരളസംസ്ഥാനത്തിലെ ഭരണഭാഷയേത് ?
7) മലയാളത്തിന്റെ ആദ്യരൂപം ഏത് ?

**3. താഴെ കൊടുത്തിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏഴെണ്ണത്തിന് ഉത്തരം കണ്ടെത്തി എഴുതുക**

(1 x 7 = 7 Marks)

**3.**a. ഉദാരം എന്ന വാക്കിന്റെ അർത്ഥം ഇവയിലേത് ?

a. പൂവ് b. ശ്രേഷ്ഠം c. പാട ങ്ങൾ d. ജ്വാല

**3.**b. പരിഷ്കാരി എതിർലിംഗം എഴുതുക.

a. പരി ഷ്കാരൻ b. പരിഷ്കാരിണി c. പരിഷ്കാരണി d. പരിശികരണി

**3.**c. ജ്ഞാതം വിപരീതപദം ഏത് ?

a. അജ്ഞാതം b. അജ്ഞാതൻ c. ജ്ഞാതൻ d. ജ്ഞാത

**3.**d. ഓരം എന്നതിന്റെ പര്യായപദം ഏത് ?

a. പാർശ്വം, വശം b. ചിത്തം, ഉള്ളം c. ഉഷ്ണം, താപം d. ഉദാരം, കുക്ഷി

**3.**e. പാട്- പട അർത്ഥവ്യത്യാസം ഏത് ?

a. കണ്ണാടി- കൊമ്പ് b. സൈന്യം- വർദ്ധന c. അടയാളം- സൈന്യം d. പ്രകാശം- കൂട്ടം

**3.**f. നീര് എന്ന പദത്തിന്റെ നാനാർത്ഥം ഇവയിലേത് ?

a. പിട, ശിക്ഷ b. കണ്ഠം, സ്ഥലം c. ജലം, രോഗാവസ്ഥ d. തുടക്കം, ധനം

**3.**g. സുപ്തി, സുഷുപ്തി എന്തിന്റെ പര്യായപദം ആണ് ?

a. മുറ്റം b. ചൂട് c. ഉറക്കം d. മനസ്സ്

**3.**h. ശരിയായപദം ഇവയിലേത് ?

a. നരാധമൻ b. നരാഥമൻ c. നരാതമൻ d. നരാദമൻ

**3.**i. തെരുവീഥികൾ വിഗ്രഹിക്കുക ?

a. തെരുവിന്റെ വീഥികൾ b. തെരുവാകുന്ന വീഥികൾ

c. തെരുവിലെ വീഥികൾ d. തെരുവും വീഥിയും

**3.**j. പുരുഷരിൽ ഉത്തമൻ ഒറ്റപ്പദം ഏത് ?

a. പുരുഷോത്തമൻ b. പുരുഷൻ ഉത്തമൻ c. പുരുഷ്ഉത്തമ് d. പുരുഷനുംഉത്തമനും

4. താഴെകൊടുത്തിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെ ങ്കിലും 9 എണ്ണത്തിന് ശരിയായ ഉത്തരം എടുത്ത് എഴുതുക

(9 x 2 = 18 Marks)

4.a. "**മണിവായിൽതേച്ചത് നൊട്ടിനുണച്ചുകളിക്കും**"

1. എന്താണ് മണിവായിൽ തേച്ചത് ?

a. ഓർമ്മകൾ b. തേൻ c. മധുരക്കറി d. മരുന്ന്

2. ആരാണ് കളികാണാൻ ഇരിക്കുന്നത് ?

a. അമ്മ b. മകൻ c. ഓണത്തപ്പൻ d. ദിവാകരൻ

4.b. "**അല്ല ചാക്കുണ്ണ്യേട്ടൻ എങ്ങട്ടാ**"

1. ആരുടേതാണീ ചോദ്യം ?

a. ചെമ്പുമത്തായി b. കണ്ടക്ടർ c. അയൽക്കാരൻ d. യാത്രക്കാർ

2. എപ്പോഴാണ് ഇങ്ങനെചോദിക്കുന്നത് ?

a. ബസിൽവച്ച് കണ്ടപ്പോൾ b. പണയംവയ്ക്കാൻ ചെല്ലുമ്പോൾ

c. ആശുപത്രിയിലേക്ക് പോകുമ്പോൾ d. വഴിയിലൂടെ നടക്കുമ്പോൾ

4.c. "**ഇവരറിയുന്നീലെന്നഭിമാനം**"

1. ആരാണ് അഭിമാനം അറിയാത്തത് ?

a. പരി ഷ്കാരികൾ b. ഗ്രാമക്കാർ c. കൗരവർ d. ദിവാ കരൻ

2. കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവാര് ?

a. വള്ളത്തോൾ b. വൈലോപ്പിള്ളി c. ആശാൻ d. വയലാർ

4.d. "**ദൃഷ്ടനായിഹഭവാൻ**"

1. ദൃഷ്ടനായതിനാൽ എന്തുസംഭവിച്ചു ?

a. സന്തോഷമായി b. കഷ്ടകാലം കഴിഞ്ഞു

c. പ്രാണൻ വെടിഞ്ഞു d. നഷ്ടമായ സ്നേഹം

2. എങ്ങനെയാണ് ഭവാൻ ദൃഷ്ടനായത് ?

a. ദുഃഖിതനായി b. ഭാഗ്യരൂപം പൂണ്ട് c. സന്തോഷവാനായി d. ദർശനംകൊണ്ട്

4.e. "**മൂന്ന്പതിറ്റാണ്ട് നൂലുകോർത്ത് കുഴിഞ്ഞുപോയകണ്ണുകൾ**"

1. ഈ പ്രയോഗത്തിന്റെ സാരമെന്ത് ?

a. ദീർഘകാലം തയ്യൽജോലിചെയ്തതിന്റെ ദയനീയാവസ്ഥ b. കുഞ്ഞിന്റെ മരണം

c. റേഡിയോപണയം വച്ചത് d. മരുന്നുവാങ്ങാൻ കാശില്ലാത്തത്

2. പണയം എന്ന കഥ നടക്കുന്ന സ്ഥലമേത് ?

a. ആൽത്തറമൂട് b. ആറാട്ടുകുന്ന് c. അമ്പലത്തറ d. ആറാട്ടുമല

4.f. "**ഞാനിന്നു ഇന്ദ്രനെപ്പോലെയായി**"

1. ഇത് ആരുടെ വാക്കുകൾ ?

a. ശിഖണ്ഡി b. അശ്വത്ഥാമാവ് c. നാരദൻ d. ദുര്യോധനൻ

2. ഭാഗീരഥികച്ഛത്തിൽ ഋഷികളോടുകൂടി ഇരുന്നതാര് ?

a. നാരദൻ b. കൃഷ്ണദ്വൈപായനൻ c. യുധിഷ്ഠിരൻ d. അശ്വത്ഥാമാവ്

4.g. **"പോയതൊക്കെയഥവാ നമുക്കയേ**

**പ്രായവും സപദിമാറി കാര്യവും"**

1. പോയതൊക്കെ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത് ?

a. ബാല്യത്തിലെകാര്യം b. യൗവ്വനത്തിലെകാര്യം

c. കൗമാരത്തിലെകാര്യം d. വാർദ്ദക്യത്തിലെകാര്യം

2. ആരുപറയുന്നതാണിത് ?

a. ദിവാകരൻ b. നളിനി c. കവി d. മഹർഷി

4.h. **"ആലോലചേതസാ ഭോഗങ്ങൾ തേടുന്നു"**

1. ആരാണ് ഭോഗങ്ങൾ തേടുന്നത് ?

a. ജനങ്ങൾ b. അർജ്ജുനൻ c. കവി d. രാമൻ

2. ഭോഗങ്ങൾ ഏതുപോലെയാണ് ?

a. ക്ഷണപ്രഭാചഞ്ചലം b. മഞ്ഞുതുള്ളിപോലെ c. ക്രോധം പോലെ d. സ്വപ്നംപോലെ

4.i. **"വീട്ടാത്തകടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണെന്ന് ....."**

1. ഈ വാക്യം പറഞ്ഞതാര് ?

a. കൂട്ടൂസൻ മാപ്പിള b. ചെമ്പുമത്തായി c. കണ്ടുണ്ണി d. വെള്ളായിപ്പൻ

2. കടൽത്തീരത്ത് എന്ന പാഠം ഏതുസാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു ?

a. നോവൽ b. ചെറുകഥ c. ഉപന്യാസം d. കവിത

4.j. **"ഓരം ചരിഞ്ഞുമടങ്ങിയിരുന്നമ്മ"**

1. എവിടെയാണ് അമ്മ ഇരുന്നത് ?

a. പിൻസീറ്റിൽ b. വരാന്തയിൽ c. മുറിയിൽ d. കടത്തിണ്ണയിൽ

2. പിഞ്ഞാണവർണ്ണമായി മാറിയതെന്ത് ?

a. കാലുകൾ b. കണ്ണുകൾ c. ചുണ്ടുകൾ d. വിരലുകൾ

## വിഭാഗം ബി

**5.**

**5.a. അംഗവാക്യം- അംഗിവാക്യം വേർതിരിച്ച് എഴുതുക** (2 x 1 = 2 Marks)

1. ചക്രം ചവിട്ടുമ്പോഴും സൂചിഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായ ഒരുപാട്ടിനുവേണ്ടി കാതോർത്തു.
2. പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സ്യമന്തപഞ്ചകത്തിൽ കിടന്നുമരിക്കുകയാൽ ഞാൻ ശാശ്വത ലോകങ്ങൾ നേടും.

**5.b. വാക്യത്തിൽപ്രയോഗിക്കുക ഏതെങ്കിലും 2 എണ്ണം** (2 x 1 = 2 Marks)

1. അജ്ഞാതം 2. വിശാലമനസ്കർ 3. സഹാനുഭൂതി

**5.c. വാക്യത്തിൽതെറ്റുണ്ടെങ്കിൽ തിരുത്തുക** (2 x 1 = 2 Marks)

1. അപ്പോൾ അയാളെ അവസാനമൊയി ഒടുക്കമൊന്നു കാണുവാനായി സഞ്ചയൻ അവിടെ വന്നു.
2. തുന്നിയ നൂലുകൾ തന്നെ അയാൾ വല്ലാതെപ്രയാസപ്പെട്ട് ബുദ്ധിമുട്ടി അഴിച്ചെടുത്തു.

**5.d. പ്രയോഗം മാറ്റുക** (2 x 1 = 2 Marks)

1. മത്തായി അലോസരത്തോടെ അയാളെ നോക്കി.
2. പാപികൾ കള്ളത്തരംകൊണ്ടാണ് എന്നെക്കൊന്നത്.

**6.a. ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.**

(1 x 5 = 5 Marks)

1. പരസ്യങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം
2. പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം

**6.b. കത്ത് തയ്യാറാക്കുക** (1 x 5 = 5 Marks)

1. ബാലാവകാശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ഒരുബോധവത്കരണ ക്ലാസ് സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാലാവകാശകമ്മീഷൻ ചെയർമാന് കത്ത് തയ്യാറാക്കുക.

**6.c. പത്രവാർത്ത തയ്യാറാക്കുക.** (1 x 4= 4Marks)

1. നിങ്ങളുടെ പഞ്ചായത്തിൽ ലോക്ഡൗൺ കാലത്തുനടന്ന കൃഷിയുടെ വിളവെടുപ്പിനെക്കുറിച്ച് പത്ര വാർത്ത തയ്യാറാക്കുക.

**7. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

**7.a.** അമ്മയുടെ ദയനീയജീവിതാവസ്ഥ അമ്മത്തൊട്ടിൽ എന്ന കവിതയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

**7.b.** ഓണമുറ്റത്ത് എന്ന കവിതയിലൂടെ കവി കേരളപ്പഴമ ചിത്രീകരിച്ചതെങ്ങനെ ?

**7.c.** ചക്ഷു : ശ്രവണഗളസ്ഥമാം ദർദ്ദുരം ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ- വരികളുടെ ആശയം വിശദമാക്കുക.

**8. ഏതെങ്കിലും രണ്ടുചോദ്യത്തിന് ഉത്തരംഎഴുതുക** (2 x 3 = 6 Marks)

**8.a.** ചാക്കുണ്ണി എന്നകഥാപാത്രത്തെ വിലയിരുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

**8.b.** കടൽത്തീരത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**8.c.** പാണ്ഡവർ നേടിയ വിജയത്തെവല്ലപാടും നേടിയവിജയം എന്ന് ലേഖകൻ വിശേഷിപ്പിച്ചതിന്റെ പൊരുളെന്ത് ?

**9. ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക** (2 x 3 = 6 Marks)

**9.a.** ചട്ടമ്പിസ്വാമികളും സ്വാമിവിവേകാനന്ദനുമായി ഉണ്ടായകൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

**9.b.** അഴിമതിക്കാരനായ ഉദ്യോഗസ്ഥന് സ്വാമികൾ നൽകിയ അനാദൃശ്യമായ പാഠം എന്തായിരുന്നു ?

**9.c.** ചട്ടമ്പിക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചതെങ്ങനെ ?

***********